(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പാർട്ട് ടൈം ലാ ലക്ചറേഴ്സിന്റെ ശമ്പളം

* 683 [739] ശ്രീ. ഇബ്രാഹിം കണ്ണക്കുഴി:
,, ഒ. ലൂക്കോസ്:
ഡോക്ടർ ജോർജ്ജ് മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പാർട്ട് ടൈം ലാ ലക്ചറേഴ്സിന്റെ ശമ്പളം ഗവൺമെന്റ് ഈ അടുത്ത കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) കേരളത്തിലെ പ്രൈവറ്റ് കോളേജുകളിലെ പാർട്ട് ടൈം ലാ ലക്ചറേഴ്സിന് ഈ ശമ്പള വർദ്ധനവിന്റെ ആനുകൂല്യം ലഭിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രൈവറ്റ് കോളേജുകളിലെ പാർട്ട് ടൈം കാർക്കും കൂടി ഈ ആനുകൂല്യം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ):

(എ) ഇല്ല. എന്നാൽ ലാ കോളേജുകളിലെ പാർട്ട് ടൈം ലക്ചറേഴ്സിന്റെ ശമ്പളം 1978-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി & സി) കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജിലെ പാർട്ട് ടൈം ലക്ചറേഴ്സിന്റെ ശമ്പളം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന പദ്ധതി

* 684 [741] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വിശദീകരിക്കാമോ ?

വ്യവസായവും വനവും വകുപ്പുമന്ത്രി:
(ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) തൊഴിൽരഹിതരായ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും, ഡിപ്ലോമാക്കാർക്കും, ഐ. റ്റി. ഐ ക്കാർക്കും സ്വന്തമായി തൊഴിൽ ചെയ്യുവാൻ ഗവൺമെന്റ് ഉടമയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും, ഡവലപ്പ്മെന്റ് പ്ലോട്ടുകളിലും മുതലായവയിൽ വ്യവസായത്തിനു് ആവശ്യമായ സ്ഥലം അധികം കൊല്ലത്തേക്ക് വാടക ഇല്ലാതെ നൽകിവരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക യോഗ്യതയുള്ള അംഗങ്ങളടങ്ങിയ സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുക, പിരിച്ചെടുത്ത ഓഹരി തുകയുടെ മൂന്നിരട്ടി ഗവൺമെൻറ് ഓഹരിയായി നൽകുക, സെക്രട്ടറിയുടേയും ഒരു സാങ്കേതിക വിദഗ്ദ്ധന്റെയും മൂന്നുകൊല്ലത്തെശമ്പളം ഗ്രാൻറായി നൽകുക ഇവയെല്ലാം ഈ പദ്ധതിയുടെ പ്രവർത്തനങ്ങളാണ്. സ്വന്തമായി വ്യവസായം തുടങ്ങിയ തൊഴിൽരഹിതരായ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും ഡിപ്ലോമാക്കാർക്കും ബാങ്ക്, ഫിനാൻഷ്യൽ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ കൊടുത്ത വായ്പയിൻമേൽ അടച്ച പലിശയുടെ ഒരുഭാഗം ഗ്രാൻറായി നൽകുന്നുണ്ട്. കൂടാതെ ടെക്നോ ക്രാറ്റ്സ് സ്കീം അനുസരിച്ച് ഫിനാൻഷ്യൽ കോർപ്പറേഷൻ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും, ഡിപ്ലോമക്കാർക്കും, മാനേജുമെൻറ് ബിരുദധാരികൾക്കും വ്യവസായം തുടങ്ങുന്നതിന് മൂന്നു ലക്ഷം രൂപവരെയുള്ള സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 90 ശതമാനം വായ്പയായി നൽകുന്നുണ്ട്.

ശിരുവാണി ഡാം

* 685 [742] ശ്രീ. സി. വാസുദേവമേനോൻ:
,, എം. കെ. കൃഷ്ണൻ:
,, എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിരുവാണി ഡാമിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) തമിഴ്നാടുമായുള്ള എഗ്രിമെൻറുപ്രകാരം എന്നേയ്ക്കാണിത് പൂർത്തീകരിക്കേണ്ടത്;

(സി) പൂർത്തിയാകേണ്ട കാലത്തിനകം പണി മുഴുമിപ്പിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) പണി കരാറെടുത്ത കോൺട്രാക്ടർമാർ ആരെങ്കിലും ഇടക്കാലത്ത് പണി നടത്താതെ ഒഴിഞ്ഞുപോയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആരൊക്കെ, അവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ ;

(എഫ്) ഇപ്പോഴും പണി നടത്തുന്നത് ഏതു ഏജൻസി മൂലമാണെന്ന് വ്യക്തമാക്കുമോ;

(ജി) ഇപ്പോഴത്തെ ഏജൻസി പണി ഏറ്റശേഷം പ്രവർത്തന പുരോഗതിയുണ്ടോ;

(എച്ച്) ഇതിനകം എത്ര സംഖ്യ ഈ പണിക്ക് ചെലവുവന്നിട്ടുണ്ട്;

(ഐ) ഇതിൽ അപ്രോച്ച് റോഡ് പണിക്ക് എന്തു ചെലവായി;

(ജെ) അപ്രോച്ച് റോഡുപണിക്ക് എത്ര സംഖ്യയാണ് എഗ്രിമെൻറുപ്രകാരം തമിഴ്നാട് ഗവൺമെൻറ് തരാമെന്നേറ്റിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly